No.CEE/3737/2012/KEAM 2013 /TA1

**കേരള സർക്കാർ**

**പ്രവേശന പരീക്ഷാ കമ്മീഷണറുടെ കാര്യാലയം**

**ഹൗസിംഗ് ബോർഡ് ബിൽഡിംഗ്സ്, ശാന്തി നഗർ, തിരുവനന്തപുരം - 695 001**

**<u>പത്രക്കുറിപ്പ്</u>**

# 2013 ലെ കേരള എഞ്ചിനീയറിംഗ്/മെഡിക്കൽ പ്രവേശന പരീക്ഷയ്ക്ക് അപേക്ഷ സമർപ്പിച്ചവരുടെ വരുമാനം സംബന്ധിച്ച വിവരങ്ങൾ ജൂൺ 13 ന് പ്രസിദ്ധീകരിക്കും

2013 ലെ എഞ്ചിനീയറിംഗ്/മെഡിക്കൽ പ്രവേശന പരീക്ഷയ്ക്ക് സമർപ്പിച്ച അപേക്ഷയോടൊപ്പം വരുമാന സർട്ടിഫിക്കറ്റ് സമർപ്പിച്ചിട്ടുണ്ടായിരുന്ന വിദ്യാർത്ഥികളുടെ വരുമാനം സംബന്ധിച്ച വിവരങ്ങൾ പ്രവേശന പരീക്ഷാ കമ്മീഷണറുടെ **www.cee-kerala.org** എന്ന വെബ്സൈറ്റിൽ **ജൂൺ 13** ന് പ്രസിദ്ധീകരിക്കുന്നതാണ്. അപേക്ഷാ നമ്പർ, അപേക്ഷകന്റെ പേര്, മേൽവിലാസം, വരുമാനം, എന്നീ വിവരങ്ങൾ അടങ്ങിയ ലിസ്റ്റാണ് ഉൾക്കൊള്ളിച്ചിട്ടുള്ളത്.

ഇതു സംബന്ധമായി എന്തെങ്കിലും പരാതിയുള്ള പക്ഷം **2013 ജൂൺ 17-ാം തീയതി വൈകുന്നേരം 5 മണിക്ക്** മുമ്പ് പ്രവേശന പരീക്ഷാ കമ്മീഷണറെ രേഖാമൂലം അറിയിക്കേണ്ടതാണ്. വൈകി ലഭിക്കുന്ന പരാതികളും പുതുതായി സമർപ്പിക്കുന്ന സർട്ടിഫിക്കറ്റുകളും യാതൊരു കാരണവശാലും പരിഗണിക്കുന്നതല്ല.

തിരുവനന്തപുരം

12.06.2013

**പ്രവേശന പരീക്ഷാ കമ്മീഷണർ**